**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3413** **26-10-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക യന്ത്രവത്ക്കരണം പ്രോത്സാഹിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാർഷിക യന്ത്രവത്ക്കരണം പ്രോത്സാഹിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന Sub Mission on Agriculture Mechanization (സ്മാം) പദ്ധതിയിലൂടെ കാർഷികയന്ത്രങ്ങൾ വാങ്ങുന്നതിനായി വിവിധ വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് 40 മുതൽ 80 ശതമാനം വരെ സബ്സിഡി അനുവദിക്കുന്നുണ്ട്. കൂടാതെ കാർഷിക കർമ്മസേനകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, കസ്റ്റം ഹയറിംഗ് സെന്ററുകൾ, അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ എന്നിവ മുഖേനയും കാർഷിക യന്ത്രങ്ങളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | 2020-21 സാമ്പത്തിക വർഷം യന്ത്രവത്ക്കരണം നടപ്പിലാക്കുന്നതിലേക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; ജില്ലതിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ; | (ബി) | 2020-21 സാമ്പത്തിക വർഷം കാർഷിക യന്ത്രവത്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിലേക്കായി ചെലവഴിച്ച തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | കാർഷിക മേഖലയിലെ യന്ത്രവത്ക്കരണത്തിന് പുതിയ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | കാർഷിക യന്ത്രവത്കരണ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന് നിലവിൽ കേരള സംസ്ഥാന കാർഷിക യന്ത്രവത്കരണ മിഷൻ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. കാർഷിക സേവന കേന്ദ്രം, കാർഷിക കർമ്മ സേന എന്നിവയുടെ കൈവശമുള്ള യന്ത്രങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനും, അവ യഥാസമയം അറ്റകുറ്റപണികൾ നടത്തി ലഭ്യമാക്കുന്നതിനും കാർഷിക യന്ത്ര കിരണ സേന ജില്ലകൾതോറും കാർഷിക യന്ത്രവത്കരണ മിഷന്റെ നേതൃത്വത്തിൽ പ്രവർത്തിച്ച് വരുന്നു. സംസ്ഥാനത്തെ മുഴുവൻ കാർഷിക യന്ത്രങ്ങളും പഞ്ചായത്തുതലത്തിൽ കണക്കെടുപ്പ് നടത്തി കൃഷിഭവനുകളിൽ രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിക്കുന്നു. നിലവിലുള്ള പദ്ധതികൾ കൂടുതൽ കർഷകരിലേക്ക് |

| | | | |
|---|---|---|---|
| | | | എത്തിക്കുവാനുള്ള കർമ്മപദ്ധതികൾ തയ്യാറാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**Sub Mission on Agriculture Mechanization (സ്മാം) പദ്ധതിയിൻ കീഴിൽ വിവിധ ജില്ലകളിൽ കാർഷിക യന്ത്രവത്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിന് 2020-2021 സാമ്പത്തിക വർഷം ചെലവഴിച്ച തുകയുടെ വിശദാംശം**

| ക്രമ നമ്പർ | ജില്ല | 2020-2021 സാമ്പത്തിക വർഷം ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | തിരുവനന്തപുരം | 143.46 |
| 2 | കൊല്ലം | 160.9 |
| 3 | പത്തനംതിട്ട | 205.92 |
| 4 | ആലപ്പുഴ | 330.64 |
| 5 | ഇടുക്കി | 590.87 |
| 6 | കോട്ടയം | 479.67 |
| 7 | എറണാകുളം | 538.36 |
| 8 | തൃശ്ശൂർ | 1141.54 |
| 9 | പാലക്കാട് | 2209.14 |
| 10 | മലപ്പുറം | 795.55 |

| | | |
|---|---|---|
| 11 | കോഴിക്കോട് | 266.66 |
| 12 | വയനാട് | 636.87 |
| 13 | കണ്ണൂർ | 297.27 |
| 14 | കാസർഗോഡ് | 222.00 |

-